വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

# വിക്കിസംഗമോത്സവം 2013
# തിരുത്തൽ യജ്ഞം

<u>പത്രക്കുറിപ്പ്</u>

കേരളപ്പിറവി ദിനത്തിൽ മലയാളം വിക്കിപീഡിയയിലെ ലേഖനങ്ങളുടെ എണ്ണവും ഉള്ളടക്കവും വർദ്ധിപ്പിക്കാനുമുള്ള തിരുത്തൽ യജ്ഞത്തിന് തുടക്കമാകുന്നു. 2013 ഡിസംബർ 21 മുതൽ 23 വരെ ആലപ്പുഴയിൽ നടക്കുന്ന മലയാളം വിക്കിസമൂഹത്തിന്റെ വാർഷിക സഗമമായ വിക്കിസംഗമോത്സവം - 2013 നോടനുബന്ധിച്ചാണ് ഈ പരിപാടി നടത്തുന്നത്. പതിനാല് പ്രമുഖ ഇന്ത്യൻ ഭാഷാവിക്കിപീഡിയകളിൽ നിന്നുമുള്ള പ്രതിനിധികൾ ഒത്തുചേരുന്നവിധത്തിൽ ഇന്ത്യയിൽ ആദ്യമായി നടക്കുന്ന പ്രാദേശിക വിക്കിസംഗമം എന്നതാണ് ഈ വർഷത്തെ വിക്കിസംഗമോത്സവത്തിന്റെ പ്രത്യേകത.

ഇതിന്റെ ഭാഗമായി, വിക്കിപദ്ധതികളുടെ ഉള്ളടക്കത്തിന് എണ്ണവും ഗുണവും വർദ്ധിപ്പിക്കാനും കൂടുതൽ ഉപയോക്താക്കളെ വിക്കിപദ്ധതികളിലേക്ക് ആകർഷിക്കാനുമായിട്ടാണ് തിരുത്തൽ യജ്ഞം സംഘടിപ്പിക്കുന്നത്. വിവിധ ഭാഷകളിലുള്ള വിക്കിപീഡിയകളിൽ പ്രത്യേകം തെരഞ്ഞെടുത്ത മേഖലകളിലെ ലേഖനങ്ങൾ ഉൾപ്പെടുത്തവാനും നിലവിലുള്ള ലേഖനങ്ങൾ പുഷ്ടിപ്പെടുത്തുവാനുമുള്ള ഈ കൂട്ടായ ശ്രമം നവംബർ ഒന്നിനുതുടങ്ങി മലയാളം വിക്കിപീഡിയയുടെ പതിനൊന്നാം പിറന്നാൾ ദിനമായ ഡിസംബർ 21 ന് അവസാനിക്കും. വിക്കിസംഗമോത്സവത്തിൽ എത്തുന്ന പ്രതിനിധികളുടെ നേതൃത്വത്തിൽ ഇംഗ്ലീഷിലും പന്ത്രണ്ട് ഇന്ത്യൻ ഭാഷകളിലെ വിക്കിപീഡിയകളിലും കേരളത്തെയും മലയാളത്തെയും സംബന്ധിച്ച ലേഖനങ്ങൾ ചേർക്കുന്നതാണ് ഈ തിരുത്തൽ യജ്ഞത്തിന്റെ പ്രധാനഭാഗം.

ഈ വർഷത്തെ തിരുത്തൽ യജ്ഞത്തിനുവേണ്ടി തെരഞ്ഞെടുക്കുന്ന പ്രത്യേക വിഷയങ്ങൾ ഇവയാണ്

മലയാള ഭാഷയും സാഹിത്യവും
തണ്ണീർത്തടങ്ങൾ, കാലാവസ്ഥ, പരിസ്ഥിതി
ആലപ്പുഴ - ചരിത്രവും ഭൂമിശാസ്ത്രവും
ഇന്ത്യയിലെ സംസ്ഥാനങ്ങൾ, ജില്ലകൾ, ലോക്സഭാമണ്ഡലങ്ങൾ
ലോകരാഷ്ട്രങ്ങൾ, സംഘടനകൾ

നവംബർ 1 ന് വിക്കിസംഗമോത്സവത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്കായുള്ള രജിസ്ട്രേഷനും ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.mlwiki.in എന്ന വെബ്സൈറ്റോ www.ml.wikipedia.org/wiki/WP:WS2013 എന്ന വിക്കിതാളോ സന്ദർശിക്കുക. 9400203766, 9747014264 എന്നീ നമ്പരുകളിൽ നേരിട്ട് വിളിച്ചും വിവരങ്ങൾ തേടവുന്നതാണ്.

വിശ്വസ്തതയോടെ

**അഡ്വ. ടി.കെ. സുജിത്**
(9846012841)
ജനറൽ കൺവീനർ വിക്കിസംഗമോത്സവം